# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഇരട്ടയാർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: നം. കെ.എസ്.എ.ഐ.ഡി.കെ. 9/376/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 07/05/2021
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഇരട്ടയാർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ഇരട്ടയാർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇരട്ടയാർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: നം. കെ.എസ്.എ.ഐ.ഡി.കെ. 9/376/21 തീയ്യതി: 07/05/2021

## ഇടുക്കി ജില്ലയിലെ ഇരട്ടയാർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ ഇരട്ടയാർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 28-02-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 8 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ബേബി സനൂജ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 01-03-2021 | 08-03-2021 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 01-03-2021 | 08-03-2021 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി റാണി ജോസഫ് | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ മനോജ്കുമാർ ആർ എസ്, ഹെഡ് ക്ലാർക്ക് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2019 | 23-07-2019 |
| ശ്രീ എം വി അജയകുമാർ | സെക്രട്ടറി | 24-07-2019 | 13-10-2019 |
| ശ്രീ അബീഷ് ഐ, ഹെഡ് ക്ലാർക്ക് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 14-10-2019 | 03-11-2019 |
| ശ്രീ എം വി അജയകുമാർ | സെക്രട്ടറി | 04-11-2019 | 01-12-2019 |
| രീ അബീഷ് ഐ, ഹെഡ് ക്ലാർക്ക് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 02-12-2019 | 31-03-2020 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഷീജ.വി.റ്റി | വി.ഇ.ഒ | 01-04-2019 | 31-03-2020 |
| ശ്രീമതി ബിന്ദു.ജി.എസ് | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീ ധനേഷ് കൃഷ്ണൻ | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീ ബെനിറ്റ് ഫിലിപ്പോസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 21-01-2020 |
| ശ്രീ ജോസഫ് തോമസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 22-01-2020 | 31-03-2020 |
| ശ്രീ റ്റി രതീഷ് കുമാർ | കൃഷി ഓഫീസർ | 01-04-2019 | 23-09-2020 |
| ശ്രീമതി റ്റിന്റുമോൾ | കൃഷി ഓഫീസർ | 24-09-2019 | 05-11-2019 |

| | | | |
|---|---|---|---|
| ജോസഫ് | | | |
| ശ്രീ ഗോവിന്ദരാജ് | കൃഷി ഓഫീസർ | 06-11-2019 | 31-03-2020 |
| ശ്രീമതി ടെസ്സി തോമസ് | ഹെഡ് മിസ്ട്രസ്സ് | 01-04-2019 | 31-03-2020 |
| ഡോ. ജിജോ സെബാസ്റ്റ്യൻ | മെഡിക്കൽ ഓഫീസർ | 01-04-2019 | 07-08-2019 |
| ഡോ. ജെ എം വൈശാഖ് | മെഡിക്കൽ ഓഫീസർ | 08-08-2019 | 31-03-2020 |
| ഡോ.ജിനേഷ് ജെ മേനോൻ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2019 | 31-03-2020 |
| ശ്രീമതി കെ എൻ മിനിമോൾ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ ബിനു എസ്. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2019 | 13-06-2019 |
| ഡോ ലക്ഷ്മി വി ആർ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 14-06-2019 | 12-03-2020 |
| ഡോ രശ്മി എസ് കുമാർ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 13-03-2020 | 31-03-2020 |

**ഉള്ളടക്കം**


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: M.S.Rajeev (Audit Officer, On 06-03-2021)<br>Last Updated By: M.S.Rajeev (Audit Officer, On 04-05-2021) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Jomon Francis (Senior Grade Auditor, On 04-03-2021)<br>Last Updated By: M.S.Rajeev (Audit Officer, On 04-05-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Jomon Francis (Senior Grade Auditor, On 04-03-2021)<br>Last Updated By: M.S.Rajeev (Audit Officer, On 04-05-2021) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: Muhsin Faisal (Asst. Audit Officer, On 04-03-2021)<br>Last Updated By: M.S.Rajeev (Audit Officer, On 07-05-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: M.S.Rajeev (Audit Officer, On 08-03-2021)<br>Last Updated By: M.S.Rajeev (Audit Officer, On 04-05-2021) | 1-5 |
| 6 | വർക്കിങ് ഗ്രൂപ്പുകളുടെ പ്രവർത്തനം<br>Written By: M.S.Rajeev (Audit Officer, On 08-03-2021)<br>Last Updated By: M.S.Rajeev (Audit Officer, On 04-05-2021) | 1-6 |
| 7 | ക്ഷേമപെൻഷനുകൾ<br>Written By: Eby Abraham (Senior Grade Auditor, On 04-03-2021)<br>Last Updated By: M.S.Rajeev (Audit Officer, On 07-05-2021) | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: M.S.Rajeev (Audit Officer, On 08-03-2021)<br>Last Updated By: M.S.Rajeev (Audit Officer, On 04-05-2021) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: M.S.Rajeev (Audit Officer, On 08-03-2021)<br>Last Updated By: M.S.Rajeev (Audit Officer, On 04-05-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: M.S.Rajeev (Audit Officer, On 05-05-2021)<br>Last Updated By: M.S.Rajeev (Audit Officer, On 07-05-2021) | 1-10 |
| 11 | വാർഷിക കണക്കുകളുടെ പരിശോധന<br>Written By: Jomon Francis (Senior Grade Auditor, On 08-03-2021)<br>Last Updated By: M.S.Rajeev (Audit Officer, On 07-05-2021) | 1-11-1 |
| 12 | ബാങ്ക് ബാലൻസ് പ്രകാരമുള്ള തുക റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല<br>Written By: Jomon Francis (Senior Grade Auditor, On 08-03-2021)<br>Last Updated By: M.S.Rajeev (Audit Officer, On 07-05-2021) | 1-11-2 |
| 13 | രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല<br>Written By: Jomon Francis (Senior Grade Auditor, On 08-03-2021)<br>Last Updated By: M.S.Rajeev (Audit Officer, On 07-05-2021) | 1-11-3 |
| 14 | തെരുവുവിളക്കുകൾ സ്ഥാപിക്കൽ- രേഖകൾ ലഭ്യമല്ല- ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: M.S.Rajeev (Audit Officer, On 06-03-2021)<br>Last Updated By: M.S.Rajeev (Audit Officer, On 07-05-2021) | 1-12 |
| 15 | ഗുണഭോക്തൃവിഹിതം പിരിച്ചതിന് രസീത് നല്കിയില്ല<br>Written By: M.S.Rajeev (Audit Officer, On 07-03-2021)<br>Last Updated By: V G Sajimon (Audit Officer, On 05-05-2021) | 1-13 |
| 16 | പാലിന് സബ്സിഡി-ലഭ്യമാകുന്ന തുക അപര്യാപ്തം<br>Written By: Muhsin Faisal (Asst. Audit Officer, On 04-03-2021)<br>Last Updated By: V G Sajimon (Audit Officer, On 05-05-2021) | 1-14 |
| 17 | മരുന്നുകൾ ലഭ്യമാകാത്തത് സംബന്ധിച്ച്<br>Written By: Eby Abraham (Senior Grade Auditor, On 05-03-2021)<br>Last Updated By: V G Sajimon (Audit Officer, On 05-05-2021) | 1-15 |
| 18 | നിയമാനുസൃതമല്ലാത്ത കാര്യങ്ങൾക്കായി പണം ചെലവഴിച്ചത്, 6000/- നഷ്ടം<br>Written By: Eby Abraham (Senior Grade Auditor, On 05-03-2021)<br>Last Updated By: V G Sajimon (Audit Officer, On 05-05-2021) | 1-16 |
| 19 | സ്ട്രീറ്റ് ലൈറ്റ്, സ്ട്രീറ്റ് ടാപ്പ് തുടങ്ങിയവയുടെ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിക്കുന്നില്ല<br>Written By: Eby Abraham (Senior Grade Auditor, On 08-03-2021)<br>Last Updated By: V G Sajimon (Audit Officer, On 05-05-2021) | 1-17 |
| 20 | വാങ്ങുന്ന സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കാത്തത് സംബന്ധിച്ച്<br>Written By: Eby Abraham (Senior Grade Auditor, On 08-03-2021)<br>Last Updated By: M.S.Rajeev (Audit Officer, On 07-05-2021) | 1-18 |
| 21 | ടെണ്ടർ ഫീ പഞ്ചായത്ത് അക്കൗണ്ടിലേക്ക് ലഭ്യമായില്ല.<br>Written By: Muhsin Faisal (Asst. Audit Officer, On 08-03-2021)<br>Last Updated By: V G Sajimon (Audit Officer, On 05-05-2021) | 1-19 |
| 22 | വാടക കുടിശ്ശിക ഈടാക്കാത്തത് സംബന്ധിച്ച്<br>Written By: Jomon Francis (Senior Grade Auditor, On 08-03-2021)<br>Last Updated By: V G Sajimon (Audit Officer, On 05-05-2021) | 1-20 |
| 23 | ആസൂത്രണത്തിലെ അപാകതകൾ-പദ്ധതി പൂർത്തീകരണം സാധ്യമാവുന്നില്ല<br>Written By: Muhsin Faisal (Asst. Audit Officer, On 08-03-2021)<br>Last Updated By: V G Sajimon (Audit Officer, On 05-05-2021) | 1-21 |
| 24 | രസീത് ബുക്കുകൾ പരിശോധനയ്ക്ക് ഹാജരാക്കാത്തത് സംബന്ധിച്ച്<br>Written By: Eby Abraham (Senior Grade Auditor, On 08-03-2021) | 1-22 |

| | | |
|---|---|---|
| | Last Updated By: V G Sajimon (Audit Officer, On 05-05-2021) | |
| 25 | ഗ്രാമ സഭ<br>Written By: Muhsin Faisal (Asst. Audit Officer, On 08-03-2021)<br>Last Updated By: V G Sajimon (Audit Officer, On 05-05-2021) | 1-23 |
| 26 | സേവനാവകാശനിയമം- വിജ്ഞാപനം ചെയ്തിട്ടില്ല.<br>Written By: Muhsin Faisal (Asst. Audit Officer, On 08-03-2021)<br>Last Updated By: V G Sajimon (Audit Officer, On 05-05-2021) | 1-24 |
| 27 | ലൈഫ് പദ്ധതി - അവലോകനം<br>Written By: Eby Abraham (Senior Grade Auditor, On 08-03-2021)<br>Last Updated By: V G Sajimon (Audit Officer, On 05-05-2021) | 1-25 |
| 28 | ആസൂത്രണസമിതിയുടെ പ്രവർത്തനം അപര്യാപ്തം<br>Written By: M.S.Rajeev (Audit Officer, On 08-03-2021)<br>Last Updated By: V G Sajimon (Audit Officer, On 05-05-2021) | 1-26 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | നിയമാനുസൃതമല്ലാത്ത കാര്യങ്ങൾക്കായി പണം ചെലവഴിച്ചത്, 6000/- നഷ്ടം<br>Written By: Eby Abraham (Senior Grade Auditor, On 09-03-2021)<br>Last Updated By: V G Sajimon (Audit Officer, On 05-05-2021) | 3-1 |
| **ഭാഗം 4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: M.S.Rajeev (Audit Officer, On 08-03-2021)<br>Last Updated By: V G Sajimon (Audit Officer, On 05-05-2021) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: M.S.Rajeev (Audit Officer, On 08-03-2021)<br>Last Updated By: V G Sajimon (Audit Officer, On 05-05-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: M.S.Rajeev (Audit Officer, On 08-03-2021)<br>Last Updated By: V G Sajimon (Audit Officer, On 05-05-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: M.S.Rajeev (Audit Officer, On 08-03-2021)<br>Last Updated By: V G Sajimon (Audit Officer, On 05-05-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: M.S.Rajeev (Audit Officer, On 08-03-2021)<br>Last Updated By: M.S.Rajeev (Audit Officer, On 07-05-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: M.S.Rajeev (Audit Officer, On 08-03-2021)<br>Last Updated By: V G Sajimon (Audit Officer, On 05-05-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: M.S.Rajeev (Audit Officer, On 08-03-2021)<br>Last Updated By: V G Sajimon (Audit Officer, On 05-05-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: M.S.Rajeev (Audit Officer, On 08-03-2021)<br>Last Updated By: V G Sajimon (Audit Officer, On 05-05-2021) | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: M.S.Rajeev (Audit Officer, On 08-03-2021)<br>Last Updated By: M.S.Rajeev (Audit Officer, On 07-05-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: M.S.Rajeev (Audit Officer, On 08-03-2021)<br>Last Updated By: M.S.Rajeev (Audit Officer, On 07-05-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Jomon Francis (Senior Grade Auditor, On 03-03-2021)<br>Last Updated By: M.S.Rajeev (Audit Officer, On 07-05-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

സ്ഥാപനത്തിന്റെ ഓഡിറ്റ് വർഷത്തെ ബജറ്റ് 21.02.19 ലെ 1(1 ) നം തീരുമാന പ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട് .സ്ഥാപനത്തിന്റെ പുതുക്കിയ ബജറ്റ് 13.03.2020 ലെ 1(1) നമ്പർ തീരുമാന പ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് നിയമവും ചട്ടങ്ങളും 214(1) പ്രകാരം വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശം ഓരോ സ്റ്റാൻഡിംഗ് കമ്മിറ്റികളും സെക്രട്ടറിയും മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരും നല്കുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട് തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രസ്തുത നിർദ്ദേശങ്ങളെ പരിഗണിച്ചുകൊണ്ട് ബജറ്റ് തയ്യാറാക്കേണ്ടതുമാണ്. എന്നാൽ ഇപ്രകാരമുള്ള നിർദ്ദശങ്ങൾ ഇതര സ്റ്റാന്റിംഗ് കമ്മിറ്റികൾ പരിഗണിക്കുകയോ ചർച്ച ചെയ്യുകയോ ചെയ്തിട്ടുള്ളതായി കാണിക്കുന്ന ഒരു രേഖയും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. സെക്രട്ടറി ബജറ്റുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റും നിർദ്ദേശങ്ങളും തയ്യാറാക്കി നല്കിയിട്ടുള്ളതായും കാണുന്നില്ല. ബജറ്റിൽ വകയിരുത്തിയിട്ടുള്ള തുകകളും യഥാർത്ഥ കണക്കുകളുമായി സാരമായ അന്തരമുള്ളതായി ഓഡിറ്റ് നിരീക്ഷിക്കുന്നു. ഏതാനും ഉദാഹരണങ്ങൾ താഴെകൊടുക്കുന്നു.

| ശീർഷകം | ഇനം | ബജറ്റ് എസ്റ്റിമേറ്റ് ₹ | ചെലവ് (ഇൻകം ആന്റ് എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം) ₹ | ചെലവ് (റസിപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) ₹ | ബജറ്റ് പ്രൊവിഷനുമായുള്ള വ്യത്യാസം ₹ | ബജറ്റ് പ്രൊവിഷൻ കൂടാതെ ചെലവഴിച്ച തുക ₹ |
|---|---|---|---|---|---|---|
| 250 | ഉത്പാദനമേഖല | 5488500 | 4479328 | 4455585 | 1032915 | - |
| 251 | സർവീസ് സെക്ടർ | 44091572 | 99776204 | 21529969 | 22561603 | - |
| 252 | ഇൻഫ്രാ സ്ടക്ചർ | 18091000 | 1939933 | 4651241 | 13439759 | - |
| 255 | മെയിന്റനൻസ് ഗ്രാന്റ് | 00 | 3227154 | 4527154 | 4527154 | 4527154 |

മേൽ പട്ടിക അനുസരിച്ച് മെയിന്റനൻസ് ഗ്രാന്റ് ഇനത്തിൽ ഒരു രൂപാ പോലും ബജറ്റിൽ വകയിരുത്താതെയാണ് തൻവർഷം ചെലവുകൾ നടത്തിയിട്ടുള്ളത് എന്ന് വ്യക്തമാണ്. കേരള പഞ്ചായത്ത് രാജ് നിയമവും ചട്ടങ്ങളും 214(1) 6 പ്രകാരം അനിവാര്യമായ അടിയന്തിര സാഹചര്യങ്ങളിലൊഴികെ ചെലവ് ചെയ്യുന്ന സമയത്ത് പ്രാബല്യത്തിലുള്ളതായ ബജറ്റ് എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഒരു തുകയും ചെലവാക്കുവാൻ പാടില്ലാത്തതാണ്. ബജറ്റ് തയ്യാറാക്കിയതിലെ അപാകതയിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. പട്ടികയിൽ മറ്റ് ശീർഷകങ്ങളിലെ ചെലവുകളാവട്ടെ ബജറ്റ് എസ്റ്റിമേറ്റിനേക്കാൾ വളരെ കുറവാണെന്നും കാണുന്നു. സ്ഥാപനത്തിന്റെ ഒരു വർഷത്തെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്ന ആധികാരിക രേഖയെന്ന നിലയിൽ ബജറ്റ് തയ്യാറാക്കുമ്പോൾ സ്ഥാപനം കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തിയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 28.05.2020 | - | - |

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 15692903.00 |
| വരവ് | 57788675.00 |
| | |

| | |
|---|---|
| ആകെ | 73481578.00 |
| ചെലവ് | 61225751.00 |
| നീക്കിയിരിപ്പ് | 12255827.00 |

**1-4 ഗ്രാന്റ് വിനിയോഗം**

| ഗ്രാന്റ് | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ്/ ലാപ്സായ തുക ₹ | കുറിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | 0 | 14553266 | 14553266 | 9995502 | 4557764 | ചെലവ് തുക ഐ കെ എം നൽകിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല. ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം ചെലവ് 9995505, ലാപ്സായ തുക 4557764 |
| വികസനഫണ്ട് എസ് സി പി | 0 | 2313596 | 2313596 | 1108422 | 1205174 | ചെലവ് തുക ഐ കെ എം നൽകിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല. ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം ചെലവ് 1108422, ലാപ്സായ തുക 1205174 |
| വികസന ഫണ്ട് റ്റി എസ് പി | 0 | 262043 | 262043 | 213000 | 49043 | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 9380312 | 9380312 | 5526104 | 3854203 | - |
| മെയിന്റനൻസ് ഫണ്ട് റോഡ് | 0 | 12109000 | 12109000 | 5610224 | 6498776 | |
| മെയിന്റനൻസ് ഫണ്ട് നോൺ റോഡ് | 0 | 4322000 | 4322000 | 2518474 | 1803526 | |
| **സംസ്ഥാനാവിഷ്കൃത ഫണ്ട്** | | | | | | |
| ലൈഫ് മിഷൻ (സംസ്ഥാന വിഹിതം) | 0 | 6520000 | 6520000 | 6520000 | 0 | |
| അഗതി രഹിത കേരളം | 0 | 937914 | 937914 | 937914 | 0 | |
| ശുചിത്വ മിഷൻ | 525730 | 0 | 0 | 0 | 525730 | |
| ശുചിത്വ മിഷൻ 9എം സി എഫ് ) | 617304 | 0 | 0 | 0 | 617304 | |
| **കേന്ദ്രാവിഷ്കൃത പദ്ധതികൾ** | | | | | | |
| ടോട്ടൽ സാനിറ്റേഷൻ | 0 | 802304 | 802304 | 802304 | 0 | |
| ഐ സി ഡി എസ് | 149232 | 455094 | 604326 | 184045 | 420281 | |
| ആർ എസ് ബി വൈ | 0 | 5004 | 0 | 0 | 5004 | |
| എൻ ആർ ഇ ജി എസ് (ഭരണചെലവ്) | 684310 | 2065597 | 2749907 | 2703377 | 46530 | ലഭ്യമാക്കിയ വാർഷികകണക്കിലെ തൻ വർഷ വരവ്,ചെലവ് തുകകളും,NREGS |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | ക്യാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവ് തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ക്യാഷ് ബുക്ക് പ്രകാരമുള്ള തുകകളാണ് ചേർത്തിരിക്കുന്നത്. |
| എൻ ആർ ഇ ജി എസ്(കൂലിച്ചെലവ്) | 0 | 62517808 | 62517808 | 62517808 | 0 | |

കുറിപ്പ്:- *സുലേഖ പത്രിക പ്രകാരമുള്ള പദ്ധതി ചെലവ് തുക വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.*

**1-5 പദ്ധതി അവലോകനം**

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 168 | 98086058 | 77 | 37113279 | 15 | 76 | 45.8% |

**1-6 വർക്കിങ് ഗ്രൂപ്പുകളുടെ പ്രവർത്തനം**

ഗ്രാമപഞ്ചായത്തിലെ പദ്ധതി ആസൂത്രണത്തിലും മോണിറ്ററിങ്ങിലും ഏറ്റവും പ്രധാനപ്പെട്ട ചുമതലകൾ നിർവ്വഹിക്കേണ്ട ഒന്നാണ് വർക്കിങ് ഗ്രൂപ്പുകൾ. 13-ാം പഞ്ചവൽസര പദ്ധതിയുടെ ഭാഗമായി വർക്കിങ് ഗ്രൂപ്പുകളുടെ സംഘാടനം, പ്രവർത്തനം എന്നിവ സംബന്ധിച്ച നിർദ്ദേശങ്ങൾ 29.01.2018 ലെ സ.ഉൽ(കൈ) 11/2018/ ത.സ്വ.ഭ.വ. നമ്പർ ഉത്തരവിൽ പ്രതിപാദിച്ചിട്ടുണ്ട്. ഇരട്ടയാർ ഗ്രാമപഞ്ചായത്തിൽ 13 വർക്കിങ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്.

വർക്കിങ് ഗ്രൂപ്പുകളുടെ മിനിട്ട്സ് പുസ്തകങ്ങളുടെ പരിശോധനയിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നില്ല എന്ന് കാണുന്നു. 2019-20 വാർഷിക പദ്ധതിരൂപീകരണ ഗ്രാമസഭായോഗങ്ങളുടെയും വികസന സെമിനാറിന്റെയും മുന്നോടിയായി വർക്കിങ് ഗ്രൂപ്പുകൾ രണ്ടുതവണ (16.10.2018, 30.11.2018) യോഗം ചേർന്നിട്ടുണ്ട്. എന്നാൽ ഈ വർക്കിങ് ഗ്രൂപ്പ് യോഗങ്ങളിൽ കുറെ നിർദ്ദേശങ്ങൾ അവതരിപ്പിക്കുക മാത്രമാണ് ചെയ്ത് പോരുന്നത്. വർക്കിങ് ഗ്രൂപ്പിന്റെ വിഷയമേഖലയുമായി ബന്ധപ്പെട്ട സ്ഥിതിവിവരകണക്കുകളുടെ ശേഖരണം, ക്രോഡീകരണം, അപഗ്രഥനം എന്നിവ വർക്കിങ് ഗ്രൂപ്പുകളിൽ നടക്കുന്നില്ല. അവസ്ഥാരേഖ (Status Report) പരിഷ്കരിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ നടന്നതായി വർക്കിങ് ഗ്രൂപ്പിന്റെ മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല. ഗ്രാമസഭകളിൽ നിന്നും വരുന്ന നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് നിലവിലുള്ള സ്ഥിതി വിവരക്കണക്കുകളുടെയും മുൻഗണനകളുടെയും സർക്കാർ നിർദ്ദേശിക്കുന്ന നിർബന്ധിക മേഖലാ വകയിരുത്തലുകളുടെയും അടിസ്ഥാനത്തിൽ വ്യക്തമായ പ്രോജക്ട് റിപ്പോർട്ടുകൾ വർക്കിംങ് ഗ്രൂപ്പുകളിൽ തയ്യാറാക്കപ്പെടുന്നില്ല.

വാർഷിക പദ്ധതി അംഗീകരം ലഭിച്ചശേഷമുള്ള പ്രോജക്ടുകളുടെ നിർവ്വഹണഘട്ടത്തിൽ, പ്രോജക്ടിന്റെ മോണിറ്ററിങ് സമിതിയായി ബന്ധപ്പെട്ട വർക്കിങ് ഗ്രൂപ്പുകൾ പ്രവർത്തിക്കേണ്ടതും അതിന്റെ റിപ്പോർട്ട് പഞ്ചായത്തിന് സമർപ്പിക്കുകയും ചെയ്യുക എന്ന പ്രധാന ഉത്തരവാദിത്വവും വർക്കിങ് ഗ്രൂപ്പുകൾക്കാണുള്ളത്. ഒരു പ്രോജക്ടിന്റെ ലക്ഷ്യങ്ങൾ കൈവരിച്ച് നവകേരളത്തിലേക്ക് നയിക്കുന്ന മാറ്റങ്ങൾ സമൂഹത്തിൽ ഉണ്ടായിട്ടുണ്ട് എന്ന് ഉറപ്പാക്കേണ്ട ഈ ബാദ്ധ്യത ഒരു വർക്കിങ് ഗ്രൂപ്പ് പോലും നിറവേറ്റിയിട്ടില്ല എന്നത് ഖേദകരമാണ്. വർക്കിങ് ഗ്രൂപ്പുകളുടെ ചിട്ടയായ പ്രവർത്തനമാണ് ഒരു വലിയ അളവോളം വാർഷിക പദ്ധതികളെ വിജയത്തിലേക്കെത്തിക്കുന്നത്. ആയതിനാൽ വർക്കിങ് ഗ്രൂപ്പുകൾ തങ്ങളുടെ അവകാശങ്ങളും ചുമതലകളും ഉൾക്കൊണ്ട് ചിട്ടയായ പ്രവർത്തനം നടത്തേണ്ടതാണ്.

**1-7 ക്ഷേമപെൻഷനുകൾ**

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക, ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 2798000 | 207 |
| വിധവാപെൻഷൻ | 7238300 | 533 |

| | | |
|---|---|---|
| വാർദ്ധക്യകാലപെൻഷൻ | 19619400 | 1449 |
| വികലാംഗപെൻഷൻ | 3964100 | 286 |
| അവിവാഹിത പെൻഷൻ | 275500 | 21 |
| തൊഴിൽരഹിതവേതനം | 16,560 | 10 |

**1-8 ക്യാഷ് ബാലൻസ് പരിശോധന**

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 03.03.2021 ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹64939/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

**1-9 ആഭ്യന്തരനിയന്ത്രണം**

## എ)സേവനങ്ങളുടെ നിരീക്ഷണ സംവിധാനം കൃത്യമല്ല

ഓരോ ദിവസവും നല്കേണ്ട സേവനങ്ങളുടെ വിവരം ഉൾക്കൊള്ളുന്ന ഫ്രണ്ട് ഓഫീസ് ഡയറി പ്രിന്റ് എടുത്ത് നിരീക്ഷിക്കുന്നില്ല. അതിനാൽ സേവനാവകാശ നിയമ പ്രകാരമുള്ള അവസാന തീയതിക്കകം സേവനങ്ങൾ നല്കുന്നുണ്ടോ എന്ന് പരിശോധിക്കപ്പെടുന്നില്ല.

## ബി) മോണിട്ടറിങ്ങ് .

വാർഷിക പദ്ധതിയിലുൾപ്പെട്ട പ്രോജക്ടുകളുടെ നിർവ്വഹണത്തിന്റെ വിജയം കാര്യക്ഷമവും ഫലപ്രദവുമായ മോണിട്ടറിങ്ങ് സംവിധാനത്തിൽ അധിഷ്ഠിതമാണ്. പ്രോജക്ടുകളുടെ നിർവ്വഹണത്തെയും നിർവ്വഹണ ഉദ്യോഗസ്ഥനെയും സഹായിക്കുന്ന പ്രവർത്തനമാണ് മോണിട്ടറിങ്ങ്. ആദ്യം മുതൽ അവസാനം വരെ പ്രോജക്ടുകളുടെ നിർവ്വഹണം വിഭാവനം ചെയ്തതരത്തിൽ തന്നെ പുരോഗമിക്കുന്നു എന്ന് ഉറപ്പാക്കുന്ന നിരന്തരമായ വിലയിരുത്തലും പരിശോധനയുമാണ് മോണിട്ടറിങ്ങിലൂടെ സാധ്യമാകുന്നത്. മോണിട്ടറിങ്ങ് നടത്തേണ്ട ഉത്തരവാദിത്തം അതാത് വർക്കിങ്ങ് ഗ്രൂപ്പുകൾക്കാണ്. ഓഡിറ്റ് വർഷത്തിൽ പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള പ്രോജക്ടുകൾ ഇത്തരത്തിൽ മോണിട്ടറിങ്ങിന് വിധേയമാക്കിയിട്ടില്ല. തുക വിനിയോഗിച്ചിട്ടുണ്ട് എന്ന സ്റ്റേറ്റ്മെന്റാണ് മേണിട്ടറിങ്ങ് റിപ്പോർട്ടായി പല പ്രോജക്ടുകളോടൊപ്പവും ചേർത്തിരിക്കുന്നത്. പ്രോജക്ടുകളുടെ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്ന് ഒരു മോണിട്ടറിങ്ങ് സമിതിയും വിലയിരുത്തിയിട്ടില്ല.

## സി)നൂതന പ്രോജക്ടുകൾ

ഓഡിറ്റ് വർഷത്തിൽ ഗ്രാമപഞ്ചായത്ത് നൂതന പ്രോജക്ടുകൾ ഒന്നും നടപ്പിലാക്കിയിട്ടില്ല.

**1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം**

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയത് | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 05.02.2021 | ഒക്ടോബർ 2020 മുതൽ ജനവരി 2021 വരെ | 15.02.2021 |
| അക്കൌണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03.06.2009 മുതൽ 16.06.2009വരെ | 2004-05 മുതൽ 2009-10 വരെ | 17.07.2009 |

**1-11-1 വാർഷിക കണക്കുകളുടെ പരിശോധന**

1) വെള്ളക്കരം, തെരുവു വിളക്കുകളുടെ കുടിശിക എന്നിവ ബാലൻസ് ഷീറ്റ് ബി-9 ഷെഡ്യൂളിൽ ലയബിലിറ്റി ആയി ഉൾപ്പെടുത്തിയിട്ടില്ല.
2) ബാലൻസ് ഷീറ്റിൽ വസ്തു നികുതി കുടിശ്ശികയ്ക്ക് ആനുപാതികമായ തുകയല്ല ലൈബ്രറി സെസ് ഇനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.
3) ഡെപ്പോസിറ്റ് രജിസ്റ്റർ പൂർണ്ണമല്ല, ഡി സി ബി തയ്യാറാക്കിയിട്ടില്ല. മുൻവർഷങ്ങളിലെ തുകകൾ ക്യാരിഓവർ ചെയ്തിട്ടില്ല
4) വെബ് സാംഖ്യ പ്രകാരമുള്ള തുകകൾ വാർഷിക കണക്കുകൾ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.
5) റിക്കൺസിലിയേഷൻ പത്രികകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

**1-11-2 ബാങ്ക് ബാലൻസ് പ്രകാരമുള്ള തുക റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല**

1. യു ബി ഐ ഈട്ടിത്തോപ്പ്, എസ് ബി ഐ ഇടുക്കിക്കവല എന്നീ ബാങ്ക് അക്കൌണ്ടുകളുടെ റിക്കൺസിലിയേഷൻ തെറ്റായാണ് തയ്യാറാക്കിയിരിക്കുന്നത്. വിശദാംശംങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ബാങ്ക് | പാസ്ബുക്ക് പ്രകാരമുള്ള തുക | റിക്കൺസിലിയേഷൻ പത്രിക പ്രകാരമുള്ള പാസ് ബുക്ക് തുക |
|---|---|---|---|
| 1 | എസ് ബി ഐ ഇടുക്കിക്കവല. A/C No. 36933337438 | 172675 | 121440 |
| 2 | യു ബി ഐ ഈട്ടിത്തോപ്പ് | 46545.59 | 46530 |

2. ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൌണ്ടിന്റെ പാസ്ബുക്ക് ഹാജരാക്കിയെങ്കിലും ആയത് വിശ്വാസ്യയോഗ്യമല്ല. കമ്പ്യൂട്ടർ അധിഷ്ഠിതമായ TSB പാസ്ബുക്കിൽ കൈയെഴുത്തിലാണ് രേഖപ്പെടുത്തൽ നടത്തിയിരിക്കുന്നത്. അയത് ട്രഷറിയിൽ നിന്നും സാക്ഷ്യപ്പെടുത്തിയിട്ടുമില്ല. ആയതിനാൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൌണ്ടിന്റെ റിക്കൺസിലിയേഷൻ പരിശോധിക്കുന്നതിന് സാധിച്ചില്ല.

**1-11-3 രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല**

1. ലോൺ രജിസ്റ്റർ അപൂർണ്ണമായതിനാൽ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകകളുമായി ഒത്തുനോക്കുന്നതിന് സാധിച്ചില്ല.
2. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. രജിസ്റ്ററിൽ ഓരോ ഇനത്തിന്റെയും ആകെ തുക വ്യക്തമല്ല. ആയതിനാൽ വാർഷിക കണക്കുകൾ പ്രകാരമുള്ള തുകകൾ ആസ്തി രജിസ്റ്ററുമായി ഒത്തുനോക്കുന്നതിന് സാധിക്കുകയില്ല.
3. വിവിധ നികുതി നികുതിയേതര ഇനങ്ങളുടെ ഡി സി ബി പ്രത്രികകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
4. വിവിധ നികുതി നികുതിയേതര ഇനങ്ങളുടെ രജിസ്റ്ററിലുള്ള ഡി സി ബി പ്രത്രികകൾ വാർഷിക ധനകാര്യ പത്രികയിൽ ഉള്ള ഡി സി ബി തന്നെയാണ്. എന്നാൽ അവ രജിസ്റ്റർ പ്രകാരമുള്ള യഥാർത്ഥ തുകകളുമായി പൊരുത്തപ്പെടുന്നില്ല.
5. വാർഷിക കണക്കുകൾ പ്രകാരം വാടക കുടിശ്ശിക ₹82709/- ആണ്. എന്നാൽ രജിസ്റ്റർ പരിശോധിച്ചതിൽ മേൽ പരാമർശിച്ച പ്രകാരം ₹592394/- കുടിശ്ശികയുണ്ട്. എന്നാൽ വാടക രജിസ്റ്ററിൽ വാർഷിക കണക്കിലെ ഡി സി ബി ആണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

**1-12 തെരുവുവിളക്കുകൾ സ്ഥാപിക്കൽ- രേഖകൾ ലഭ്യമല്ല- ചെലവ് തടസ്സപ്പെടുത്തുന്നു.**

താഴെ വിശദീകരിച്ചിട്ടുള്ള 2 പ്രോജക്ടുകളിലായി ആകെ ₹499100/- കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിങ്ങ് കമ്പനി ലിമിറ്റഡ് എന്ന സ്ഥാപനത്തിന് തെരുവ് വിളക്കുകളുടെ ഇൻസ്റ്റലേഷൻ ചാർജ്ജുകൾ ഉൾപ്പെടെയുള്ള വിലയായി നല്കിയിട്ടുണ്ട്.

| പ്രോജക്ട് നം | ബിൽ നം. തീയതി | ബിൽ പാസ്സായ തീയതി | തുക |
|---|---|---|---|
| 101/2020, | 76/09-12-2019 | 21.01.2020 | 400000 |
| 123/2020 | 34/19-09-2019 | 24.09.2019 | 99100 |

ഈ വാങ്ങൽ അംഗീകരിച്ചുകൊണ്ട് പർച്ചേസ് കമ്മറ്റി തീരുമാനം എടുത്തിട്ടില്ല. വാങ്ങിയ വിളക്കുകൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല. ഇൻസ്റ്റലേഷൻ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ ₹ 499700/- ചെലവ് തടസ്സപ്പെടുത്തുന്നു.

**1-13 ഗുണഭോക്തൃവിഹിതം പിരിച്ചതിന് രസീത് നല്കിയില്ല**

| | |
|---|---|
| പ്രോജക്ട് നം.28 | പച്ചക്കറികൃഷി ടെറസ്സിലും മുറ്റത്തും (പോട്ടിങ് മിശ്രിതം നിറച്ചത്) |
| നിർവഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| അടങ്കൽ | പ്ലാൻ (ജനറൽ)-₹500000/-<br>തനത്ഫണ്ട്-₹10000/-<br>ഗുണഭോക്തൃ വിഹിതം₹170000/- |
| ആകെ | ₹680000/- |
| ചെലവ് | പ്ലാൻ ₹384000/-<br>ഗുണഭോക്തൃവിഹിതം ₹128000/- |
| ആകെ | ₹512000/- |

ഒരാൾക്ക് യൂണിറ്റ് ഒന്നിന് പദ്ധതി ധനസഹായം 750 രൂപയും ഗുണഭോക്തൃവിഹിതം 250 രൂപയും വിനിയോഗിച്ച് 15 ഗ്രോബാഗ് വീതം 512 ഗുണഭോക്താക്കൾക്ക് നല്കിയിട്ടുണ്ടെങ്കിലും ഈ 512 ഗുണഭോക്താക്കളിൽനിന്നും ഗുണഭോക്തൃവിഹിതം ഈടാക്കിയപ്പോൾ രസീത് നല്കിയിട്ടില്ല എന്നു കാണുന്നു. രസീത് നല്കാതെ പണം പിരിച്ചിട്ടുള്ളത് ക്രമവിരുദ്ധമായ നടപടിയാണ്. ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**1-14 പാലിന് സബ്സിഡി-ലഭ്യമാകുന്ന തുക അപര്യാപ്തം**

ഡയറി ഫാം ഇൻസ്ട്രക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായി ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി പദ്ധതി നടപ്പാക്കുന്നതിനുവേണ്ടി വികസനഫണ്ടിൽ നിന്നും 1650000/- രൂപ 2019-20-ൽ ചെലവഴിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ 9 ക്ഷീരസഹകരണസംഘങ്ങളിൽ പാൽ വിതരണം നടത്തുന്ന അഞ്ഞൂറിലധികം കർഷകർക്ക് ലിറ്ററിന് 2.63 രൂപ നിരക്കിൽ മൂന്ന് മാസം നൽകുന്നതിന് മാത്രമേ സാധിച്ചിട്ടുള്ളു. കർഷകൻ സംഘത്തിൽ നൽകുന്ന ഒരുലിറ്റർ പാലിന് 4 രൂപ തോതിൽ കണക്കാക്കി അത്രയും തുക കർഷകന്റെ ബാങ്ക് അക്കൌണ്ടിലേക്ക് നൽകണമെന്ന് സ.ഉ.(സാധാ)നം.545/2019/തസ്വഭവ തീയതി 7.3.2019 പ്രകാരം നിർദ്ദേശിച്ചിട്ടുള്ളതാണ്. പ്രസ്തുത പ്രോജക്ടിനുവേണ്ടി ബ്ലോക്ക്/ ജില്ലാപഞ്ചായത്തുകളിൽ നിന്നും ഫണ്ട് ലഭിച്ചതായും കാണുന്നില്ല. ഉല്പാദന മേഖലയിൽ നടപ്പാക്കുന്ന ഇത്തരം പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ മതിയായ തുക വകയിരുത്തുന്നതിനും,ജില്ലാ/ബ്ലോക്ക് പഞ്ചായത്തുകളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനും ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

**1-15 മരുന്നുകൾ ലഭ്യമാകാത്തത് സംബന്ധിച്ച്**

എ) പി.എച്ച്.സി ക്ക് മരുന്നു വാങ്ങൽ

| | |
|---|---|
| പദ്ധതി, നം | പി.എച്ച്.സി ക്ക് മരുന്നു വാങ്ങൽ, 52/19-20 |
| നിർവ്വഹണദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ |
| അടങ്കൽ | ₹1,10,000/- |
| ബിൽ നം., തുക | 5/19-20, ₹1,10,000/- |

പി.എച്ച്.സി ക്ക് മരുന്നു വാങ്ങുന്നതിനായി കെ.എം.സി.എൽ ന് ₹1,10,000/- നൽകിയെങ്കിലും നാളിതുവരെ ₹73044 യുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. ₹ 36956/- യുടെ മരുന്നുകൾ ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ലഭ്യമായതിന്റെ വിവരം

അറിയിക്കുകയും ചെയ്യേണ്ടതാണ്.

ബി) പാലിയേറ്റീവ് കെയർ

| | |
|---|---|
| പദ്ധതി, നം | പാലിയേറ്റീവ് കെയർ, 22/19-20 |
| നിർവ്വഹണദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ |
| അടങ്കൽ | ₹2,04,319/- |
| ബിൽ നം , തുക | 7/19-20, ₹2,04,319/- |

പാലിയറ്റീവ് കെയർ പദ്ധതിക്ക് മരുന്ന വാങ്ങുന്നതിനായി കെ.എം.സി.എൽ ന് ₹2,04,319/- നൽകിയെങ്കിലും നാളിതുവരെ ₹ 1,09,078/- യുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. ₹ 95,241/- യുടെ മരുന്നുകൾ ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ലഭ്യമായതിന്റെ വിവരം അറിയിക്കുകയും ചെയ്യേണ്ടതാണ്.

**1-16 നിയമാനുസൃതമല്ലാത്ത കാര്യങ്ങൾക്കായി പണം ചെലവഴിച്ചത്, 6000/- നഷ്ടം**

2019-20 ൽ വെറ്ററിനറി സർജൻ നിർവ്വഹണദ്യോഗസ്ഥനായി പഞ്ചായത്തിലെ വിവിധ വിഭാഗങ്ങളിൽപ്പെട്ടവർക്ക് പെണ്ണാട്/പോത്തുകുട്ടി വിതരണം എന്ന പദ്ധതികൾ നടപ്പാക്കിയിരുന്നു. പദ്ധതിയുടെ ഭാഗമായി പർച്ചേസ് കമ്മിറ്റി, 13/12/19ൽ ജയ്സൺ വിൽസൺ എന്ന വ്യക്തിയിൽ നിന്നും 16/12/19ൽ ജയേഷ് മാത്യു എന്ന വ്യക്തിയിൽ നിന്നും ഉരുക്കളെ നേരിട്ടുകണ്ടു വിലപേശി വാങ്ങിയിരിക്കുന്നു എന്ന ഫയലിൽ ഉണ്ട്. എന്നാൽ തമിഴ് നാട് തേനിയിൽ പോത്തിൻകുട്ടികളെ എടുക്കാൻ പോയതിന് വാഹന വാടകയിനത്തിൽ വൗച്ചർ നം 21900791, തീയതി 26/12/19, പ്രകാരം സുരേഷ് എ.എസ്, അരീപ്പാറയ്ക്കൽ എന്ന വ്യക്തിക്ക് 24/12/19 ലെ 06858 നം ചെക്ക് പ്രകാരം 6000/- രൂപ നൽകിയതായി കാണുന്നു. ഉരുക്കളെ നേരിട്ടുകണ്ടു വിലപേശി വാങ്ങിയിട്ടുള്ള സ്ഥിതിക്ക് മേൽ വ്യക്തികൾ പഞ്ചായത്തിൽ ഉരുക്കളെ എത്തിക്കേണ്ടതാണ്. ഇക്കാര്യം പർച്ചേസ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതായിരുന്നു. അതിനു പകരം തമിഴ് നാട് തേനിയിൽ പോത്തിൻകുട്ടികളെ എടുക്കാൻ പോയ വകയിൽ തുക നൽകിയിരിക്കുന്നത് അംഗീകരിക്കാവുന്നതല്ല. ഇത് സംബന്ധിച്ച എൻക്വയറി (നം. 6 ) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഇപ്രകാരം വാഹന വാടകയിനത്തിൽ നൽകിയ ₹6000 പഞ്ചായത്തിന്റെ നഷ്ടമായി കണക്കാക്കുന്നു. നഷ്ടതുക ₹6000/- ഓഡിറ്റിൽ നിരാകരിക്കുന്നു. മേൽ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

**1-17 സ്ട്രീറ്റ് ലൈറ്റ്, സ്ട്രീറ്റ് ടാപ്പ് തുടങ്ങിയവയുടെ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിക്കുന്നില്ല**

പഞ്ചായത്തിൽ സ്ട്രീറ്റ് ലൈറ്റുകൾ/സ്ട്രീറ്റ് ടാപ്പുകൾ സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഇലക്ട്രിസിറ്റി ബോർഡ്/വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്യുന്നതനുസരിച്ചാണ് തുക ഒടുക്കുന്നത്. എന്നാൽ പഞ്ചായത്ത് പരിധിയിൽ എത്ര സ്ട്രീറ്റ് ലൈറ്റുകൾ/സ്ട്രീറ്റ് ടാപ്പുകൾ പ്രവർത്തന ക്ഷമമാണെന്നോ എത്ര തുകയാണ് യഥാർത്ഥത്തിൽ ഒടുക്കേണ്ടതെന്നോ ഒടുക്കുന്നതെന്നോ അറിയാൻ കഴിയുന്നില്ല. ആയതിനാൽ ഈ ഇനത്തിൽ പഞ്ചായത്തിന് പണമൊന്നും നഷ്ടമാകുന്നില്ല എന്നും, എത്ര സ്ട്രീറ്റ് ലൈറ്റുകൾ/സ്ട്രീറ്റ് ടാപ്പുകൾ സ്ഥാപിച്ചിട്ടുണ്ടെന്നും അത് എവിടെയൊക്കെയാണ് എന്നും, അവയെല്ലാം പ്രവർത്തനക്ഷമമാണ് എന്നും അവയ്ക്കെല്ലാം പ്രവർത്തനക്ഷമമായ മീറ്റർ സ്ഥാപിച്ചിട്ടുണ്ടെന്നും ഉറപ്പാക്കുകയും ഇത് സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്.

**1-18 വാങ്ങുന്ന സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കാത്തത് സംബന്ധിച്ച്**

പഞ്ചായത്തിൽ, തനത് ഫണ്ട് ഉപയോഗിച്ച് വാങ്ങുന്ന സാധനങ്ങളുടെ ചെലവ് സംബന്ധിച്ച ബിൽ നം, തുക, വാങ്ങിയ തീയതി, അത് ആർക്കാണ് നല്കിയത്, തുടങ്ങിയ വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.

ഉദാ.1. വൗച്ചർ നം 21900617, തീയതി 31/10/2019, 10510/- സീൽ, മൊമന്റോ, എ4 പേപ്പർ, തുടങ്ങിയവ വാങ്ങിയത് സ്റ്റോക്കിൽ ചേർത്തിട്ടില്ല.

2. വൗച്ചർ നം 21900728, തീയതി 19/12/2019, ₹8000/- പ്രിന്റർ വാങ്ങിയത് സ്റ്റോക്കിൽ ചേർത്തിട്ടില്ല.
സ്റ്റോക്ക് രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതും വാങ്ങുന്ന സാധനങ്ങൾ ദുരുപയോഗം ചെയ്യപ്പെടുന്നില്ല എന്ന് ഭാവിയിൽ ഉറപ്പാക്കേണ്ടതുമാണ്.

**1-19 ടെണ്ടർ ഫീ പഞ്ചായത്ത് അക്കൗണ്ടിലേക്ക് ലഭ്യമായില്ല.**

അസി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 വർഷം നിർവ്വഹണം നടത്തിയ 11 പ്രോജക്ടുകൾക്ക് വേണ്ടി ഇ ടെണ്ടർ ഫീസിനത്തിൽ ₹19500/- എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ലഭ്യമായത്, പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് മാറ്റി നൽകിയിട്ടില്ല. മുൻവർഷങ്ങളിൽ സമാന രീതിയിൽ ലഭ്യമായ തുകകളും പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് മാറ്റി നൽകിയിട്ടില്ല. ടെണ്ടർ ഫീസിനത്തിൽ ലഭ്യമായ തുക പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-20 വാടക കുടിശ്ശിക ഈടാക്കാത്തത് സംബന്ധിച്ച്**

2019-20 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി വാടക രജിസ്റ്റർ പരിശോധിച്ചതിൽ താഴെ വ്യക്തമാക്കുന്ന വ്യക്തികൾ കുടിശിക വരുത്തിയിട്ടുണ്ട്.

| ക്രമ നം | വാടകക്കാരന്റെ പേര് | മുറി നം | പ്രതിമാസ വാടക | കുടിശ്ശിക |
|---|---|---|---|---|
| 2 | ലളിതാ ഉത്തമൻ, വാലുമന്നേൽ | 7/652 | 6930 | 4*6930 = 27720 |
| 4 | ബെന്നി ജോസഫ്, കിഴക്കേവീട്ടിൽ | 7/835 | 8000 | 12*8000 = 96000 |
| 5 | ഷാജി പി ഡി, പുത്തൻപറമ്പിൽ | 7/836 | 9000 | 12*9000 = 108000 |

| | | | | |
|---|---|---|---|---|
| 8 | റ്റോണി തോമസ്, നാരംമഗലത്ത് | ഫിഷ് സ്റ്റാൾ, 3,4,5 | 15500 | 9*15500 = 139500 |
| 9 | റോയി മാത്യൂ, നാരമംഗലത്ത് | ഫിഷ് സ്റ്റാൾ 1, 2 | 9000 | 12*9000 = 108000 |
| 10 | ജെസ്സി ജോസ് മുതുപ്ലാക്കൽ | രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല | 3300 | 12*3300 = 39600 |
| 11 | രവീന്ദ്രൻ കിണറുവിള, ഇരട്ടയാർ | രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല | 2800 | 12*2800 = 33600 |

മേൽ വാടകക്കാരിൽ നിന്നും വാടക ഈടാക്കാത്തതിനും വാടകക്കാരുമായി കരാറിൽ ഏർപ്പെട്ടതിന്റെ വിശദാംശംങ്ങൾ നൽകുന്നതിനും ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നമ്പർ - 4 & 7 നൽകിയെങ്കിലും ഓഡിറ്റ് എൻക്വയറി 4 ന് നൽകിയ മറുപടിയിൽ വാടക ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിരിക്കുന്നു. കുടിശികക്കാരിൽ നിന്നും വാടക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-21 ആസൂത്രണത്തിലെ അപാകതകൾ-പദ്ധതി പൂർത്തീകരണം സാധ്യമാവുന്നില്ല**

ആസൂത്രണത്തിലെ അപാകതകൾ കാരണമായി, അസി. എഞ്ചിനീയർ നിർവ്വഹണം നടത്തിയ ചുവടെ ചേർത്തിരിക്കുന്ന പദ്ധതികൾ പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല.

വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതി&നമ്പർ | അടങ്കൽ | ചെലവ് ₹ | ബിൽ വിവരം |
|---|---|---|---|---|
| 1 | ബസ്സ്റ്റാൻഡ് ഷോപ്പിംഗ് കോംപ്ലക്സ് ഓട നിർമ്മാണം | 452000/- | 349027/- | 1)10/19-20,21-7-19, ₹146713/-<br>2)83/20-21,18-12-20, ₹ 202314/- |
| 2 | ചെമ്പകപ്പാറ പി.എച്ച്.സി. ചുറ്റുമതിൽ | 350000/- | 138418/- | 1)9/19-20,25-4-19, ₹89125/-<br>2)29/19-20,31-12-19, ₹49293/- |

പദ്ധതികളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ക്രമനമ്പർ ഒന്നിൽ എസ്റ്റിമേറ്റിൽ 160 മീറ്റർ ഓട നിർമ്മാണം വിഭാവനം ചെയ്തെങ്കിലും പൂർണ്ണമായും ചെയ്തിട്ടില്ല. സ്വകാര്യ വ്യക്തിയുടെ സ്ഥലത്തുകൂടിയാണ് നിർമ്മാണം നടത്തേണ്ടതെന്നും പ്രസ്തുത വ്യക്തി ആയതിനു സമ്മതിക്കാത്തതിനാൽ തുടർ പ്രവർത്തനങ്ങൾ സാധ്യമല്ലെന്നും കരാറുകാരൻ പരാതി നൽകിയിരിക്കുന്നു. പരാതിയിന്മേൽ തുടർ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. ആയതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾ ഉദ്ദേശിച്ച അളവിൽ പൂർത്തീകരിച്ചിട്ടില്ല.

2) ക്രമ നമ്പർ 2 പ്രകാരം ചെമ്പകപ്പാറ പി.എച്ച് സി ക്ക് 110 മീറ്റർ ചുറ്റുമതിൽനിർമ്മാണത്തിന് പദ്ധതി ആവിഷ്കരിച്ചെങ്കിലും 42 മീറ്റർ മാത്രം നിർമ്മാണം നടത്തി പദ്ധതി അവസാനിപ്പിച്ചിരിക്കുന്നു. അപാകതകൾക്ക് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.1/3-3-21) നൽകിയെങ്കിലും തൃപ്തികരമായ മറുപടി ലഭ്യമാക്കിയിട്ടില്ല.

മരാമത്ത് വേലകൾ നടത്തുമ്പോൾ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ഉറപ്പാക്കണമെന്ന പ്രാഥമിക നടപടികൾ പൂർത്തിയാക്കാതെ പ്രോജക്ടുകൾ നടപ്പാക്കുന്നതിനാലാണ് ഇത്തരം അപാകതകൾ സംഭവിക്കുന്നത്. ആയത് മറ്റ് പ്രോജക്ടുകൾക്കുവേണ്ടി ചെലവഴിക്കാമായിരുന്ന തുക ലാപ്സായി പോകുന്നതിനും കാരണമാവുന്നു. പദ്ധതി ആസൂത്രണ നടപടികൾ മാർഗനിർദ്ദേശങ്ങൾക്കനുസരിച്ച് നടത്തേണ്ടതും, പഞ്ചായത്തിന്റെ ആസ്തികൾ നഷ്ടപ്പെടാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

**1-22 രസീത് ബുക്കുകൾ പരിശോധനയ്ക്ക് ഹാജരാക്കാത്തത് സംബന്ധിച്ച്**

വെറ്ററിനറി സർജൻ ഉപയോഗിച്ചതും ഉപയോഗിച്ചു കൊണ്ടിരിക്കുന്നതുമായ 53319, 53320, 53321, 53323 എന്നീ നമ്പറുകളിലുള്ള രസീത് ബുക്കുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. രസീത് പരിശോധന കാലികമായതിനാൽ, ഓഡിറ്റ് ദിനങ്ങളിൽ നിർവ്വഹണ ഉദ്യോഗസ്ഥർ ഓഡിറ്റ് വർഷം ഉപയോഗിച്ചതും അതിനടുത്ത വർഷം ഉപയോഗിക്കുന്നതുമായ രസീതുകൾ പരിശോധിക്കേണ്ടതുണ്ട്. നാളിതുവരെ നിർവ്വഹണ ഉദ്യോഗസ്ഥർ കൈപ്പറ്റിയ രസീതു ബുക്കുകൾ ഓഡിറ്റിനായി ഹാജരാക്കേണ്ടതാണ്.

**1-23 ഗ്രാമ സഭ**

ഗ്രാമപഞ്ചായത്തിൽ ഗ്രാമസഭ ചേരുന്നതിൽ നിശ്ചിത സമയക്രമം പാലിക്കുന്നില്ല. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 3 അനുസരിച്ച് മൂന്ന് മാസത്തിലൊരിക്കൽ ഗ്രാമസഭ യോഗം ചേരേണ്ടതാണ്. എന്നാൽ പദ്ധതി രൂപീകരണം, ഗുണഭോക്തൃ തെരഞ്ഞെടുപ്പ് എന്നിവയ്ക്കു വേണ്ടി മാത്രമാണ് തൻവർഷം യോഗങ്ങൾ ചേർന്നത്. ക്രിയാത്മകമായ ചർച്ചകളോ, പദ്ധതി നിർദ്ദേശങ്ങളോ ഗ്രാമസഭയിൽ ഉണ്ടാവുന്നില്ല. ഗ്രാമപഞ്ചായത്തിന്റെ സമഗ്രവികസനത്തിനുതകുന്ന രീതിയിൽ ഗ്രാമസഭകൾ ചേരുന്നതിനും അവയിൽ പൊതുജന പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

**1-24 സേവനാവകാശനിയമം- വിജ്ഞാപനം ചെയ്തിട്ടില്ല.**

2012 ലെ കേരള സംസ്ഥാന സേവനാവകാശ നിയമം, വകുപ്പ് 3 പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനം അത് നൽകുന്ന സേവനങ്ങൾ, നിയുക്ത ഉദ്യോഗസ്ഥർ, ഒന്നാം അപ്പീൽ അധികാരി, രണ്ടാം അപ്പീൽ അധികാരി, സേവനങ്ങൾ ലഭിക്കേണ്ട നിശ്ചിത സമയ പരിധി എന്നിവ ഉൾപ്പെടുത്തി വിജ്ഞാപനം നടത്തേണ്ടതാണ്. ഇരട്ടയാർ ഗ്രാമപഞ്ചായത്തിൽ ഈ നിയമം നടപ്പിലാക്കുന്നതിനായുള്ള വിജ്ഞാപനം നടത്തിയിട്ടില്ല. കൂടാതെ 2012 ലെ കേരള സംസ്ഥാന സേവനാവകാശ ചട്ടങ്ങളിലെ ചട്ടം 12 പ്രകാരം നിയുക്ത ഉദ്യോഗസ്ഥൻ ഫോറം നമ്പർ IV ൽ ഒരു രജിസ്റ്റർ സൂക്ഷിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ഈ രജിസ്റ്ററും ഇരട്ടയാർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

പൗരജനങ്ങളുടെ അവകാശങ്ങൾ പരിപാലിക്കപ്പെടുന്നതിനും പഞ്ചായത്ത് ഭരണം സുതാര്യവും ജനസൗഹൃദപരവും ആക്കുക എന്ന ലക്ഷ്യത്തോടെ വിജ്ഞാപനം ചെയ്തിട്ടുള്ള നിയമങ്ങളും ചട്ടങ്ങളും നടപ്പിലാക്കുന്നതിന് ഭരണസമിതി പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

### 1-25 ലൈഫ് പദ്ധതി - അവലോകനം

ലൈഫ് പദ്ധതിയിൽ അംഗമായ വിവിധ ഗുണഭോക്താക്കളുടെ വിവരം താഴെ നൽകുന്നു.

| | പൊതു വിഭാഗം | എസ്.സി. | എസ്.റ്റി | ആകെ |
|---|---|---|---|---|
| കരാർ വച്ചത് | 65 | 2 | 1 | 68 |
| പണി തീർന്നത് | 65 | 2 | 1 | 68 |

എസ്.റ്റി ഫണ്ട് വകയിരുത്തിയിട്ടില്ലാത്തതിനാൽ പൊതു വിഭാഗത്തിൽ നിന്നാണ് എസ്.റ്റി വിഭാഗത്തിന് തുക നൽകിയത്.

### 1-26 ആസൂത്രണസമിതിയുടെ പ്രവർത്തനം അപര്യാപ്തം

പദ്ധതി തയ്യാറാക്കുന്നതിനുള്ള സർക്കാർ മാർഗരേഖ പ്രകാരം (29.01.2018 തീയതിയിലെ ജി.ഓ.(ആർ.ടി.)11/2018/ ത.സ്വ.ഭ.വ) തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലെ പദ്ധതി ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നീ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനു വേണ്ട സഹായം നൽകുന്നതിനായി പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായും, സ്റ്റാന്റിംഗ് കമ്മിറ്റി അദ്ധ്യക്ഷന്മാർ അംഗങ്ങളായും, വിദഗ്ദ്ധർ/ സന്നദ്ധസേവകരെയും ചേർത്ത് ആസൂത്രണ സമിതി രൂപീകരിച്ചിട്ടുള്ളതായ രേഖ ലഭ്യമാക്കുകയുണ്ടായില്ല. തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ പദ്ധതി രൂപീകരണ നിർവ്വഹണ കാര്യങ്ങളിൽ സജീവമായി ഇടപെടേണ്ട ആസൂത്രണ സമിതി കൃത്യമായി പ്രവർത്തിക്കുന്നില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഇത് പഞ്ചായത്തിന്റെ പദ്ധതി നിർവ്വഹണത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ആസൂത്രണ സമിതി യോഗം വിളിച്ച് ചേർക്കേണ്ടതും, പദ്ധതി ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നിവ കൃത്യമായി നടത്തേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 നിയമാനുസൃതമല്ലാത്ത കാര്യങ്ങൾക്കായി പണം ചെലവഴിച്ചത്, 6000/- നഷ്ടം

2019-20ൽ വെറ്ററിനറി സർജൻ നിർവ്വഹണദ്യോഗസ്ഥനായി പഞ്ചായത്തിലെ വിവിധ വിഭാഗങ്ങളിൽപ്പെട്ടവർക്ക് പെണ്ണാട്/പോത്തുകുട്ടി വിതരണം എന്ന പദ്ധതികൾ നടപ്പാക്കിയിരുന്നു. പദ്ധതിയുടെ ഭാഗമായി പർച്ചേസ് കമ്മിറ്റി, 13/12/19ൽ ജയ്സൺ വിൽസൺ എന്ന വ്യക്തിയിൽ നിന്നും 16/12/19ൽ ജയേഷ് മാത്യൂ എന്ന വ്യക്തിയിൽ നിന്നും ഉരുക്കളെ നേരിട്ടുകണ്ടു വിലപേശി വാങ്ങിയിരിക്കുന്നു എന്നു ഫയലിൽ ഉണ്ട്. എന്നാൽ തമിഴ് നാട് തേനിയിൽ പോത്തിൻകുട്ടികളെ എടുക്കാൻ പോയതിന് വാഹന വാടകയിനത്തിൽ വൗച്ചർ നം 21900791, തീയതി 26/12/19, പ്രകാരം സുരേഷ് എ.എസ്, അരീപ്പാറയ്ക്കൽ എന്ന വ്യക്തിക്ക് 24/12/19 ലെ 06858 നം ചെക്ക് പ്രകാരം 6000/- രൂപ നൽകിയതായി കാണുന്നു. ഉരുക്കളെ നേരിട്ടുകണ്ടു വിലപേശി വാങ്ങിയിട്ടുള്ള സ്ഥിതിക്ക് മേൽ വ്യക്തികൾ പഞ്ചായത്തിൽ ഉരുക്കളെ എത്തിക്കേണ്ടതാണ്. ഇക്കാര്യം പർച്ചേസ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതായിരുന്നു. അതിനു പകരം തമിഴ്നാട് തേനിയിൽ പോത്തിൻകുട്ടികളെ എടുക്കാൻ പോയ വകയിൽ തുക നൽകിയിരിക്കുന്നത് അംഗീകരിക്കാവുന്നതല്ല. ഇതു സംബന്ധിച്ച എൻക്വയറി (നം 6 ) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഇപ്രകാരം വാഹന വാടകയിനത്തിൽ നൽകിയ ₹6000 പഞ്ചായത്തിന്റെ നഷ്ടമായി കണക്കാക്കുന്നു. നഷ്ടതുക ₹6000/- ഓഡിറ്റിൽ നിരാകരിക്കുന്നു. മേൽ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| വാർഷിക ഓഡിറ്റിനൊപ്പം പരിശോധിച്ച | | |

**4-2 സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം**

ഇല്ല

**4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ**

ഇല്ല

**4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ**

ഇല്ല

**4-5 വായ്പ / വായ്പാതിരിച്ചടവ്**

ലോൺ രജിസ്റ്റർ അപൂർണ്ണമായതിനാൽ ഈ ഇനത്തിലുള്ള തുകകളുടെ വിശദാംശംങ്ങൾ ഉൾപ്പെടുത്താൻ സാധിക്കുന്നില്ല. വാർഷിക കണക്കുകൾ പ്രകാരം ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ ₹3360000/- വരവുണ്ട്. ബാലൻസ് ഷീറ്റ് B5 ഷെഡ്യൂൾ പ്രകാരം സഹകരണ ബാങ്ക് വായ്പയിനത്തിൽ ₹1340000/- യു KURDFC ലോൺ ഇനത്തിൽ ₹ 4572844 ഉം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്നുണ്ട്. ലോൺ രജിസ്റ്റർ പൂർത്തിയാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

**4-6 സ്ഥിര നിക്ഷേപം**

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 0.00 |
| തൻവർഷം നിക്ഷേപിച്ച തുക | 1000000.00 |
| ആകെ | 1000000.00 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0.00 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1000000.00 |

**വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു**

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | ഇടുക്കി ജില്ലാ പഞ്ചായത്ത് എംപ്ലോയീസ് സഹകരണ സംഘം | 7.3.2020 | 12 മാസം | 1000000.00 | നമ്പർ 1941 |
| ആകെ | | | | 1000000.00 | |

**4-7 ഓഡിറ്റ് റിക്കവറി**

ഇല്ല

**4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്**

സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ ഇല്ല.

**4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം**

(എ) ചാർജ്ജ് സർട്ടിഫിക്കറ്റ് പ്രകാരം ഈടാക്കിയതിന്റെ വിവരം

– ഇല്ല –

ബി) സർചാർജ്ജ് സർട്ടിഫിക്കറ്റ് പ്രകാരം ഈടാക്കേണ്ട തുകയുടെ വിവരം

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണവകുപ്പ് | സർചാർജ്ജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ / തീയതി) | സർചാർജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക യഥാസമയം സ്ഥാപനത്തിന്റെ ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ? (ഉണ്ട്/ ഇല്ല) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭിച്ച തുക | അവശേഷിക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) | (11) | (12) | (13) | (14) |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 1996-97 | 31 | പി. എ. അന്നമ്മ സെക്രട്ടറി | എൽ.എഫ്. 28315 സ്പെ.സെൽ/ എസ്.സി. 2/99 തീ.12.2001. | 1600 | ഇല്ല | ഇല്ല | | | | | 1600 | |
| 1 | 1997-98 | 20ബി. | കെ. കെ. ശശിധരൻ സെക്രട്ടറി | എൽ.എഫ്. 22631/ സ്പെ.സെൽ/ എസ്.സി. 2/2001 തീ.22.03.2002. | 1353 | ഇല്ല | | | | | | 1353 | |
| 2 | 1997-98 | 28 | കെ. കെ. ശശിധരൻ സെക്രട്ടറി | എൽ.എഫ്. 22631/ സ്പെ.സെൽ/ എസ്.സി .2/2001 തീയതി 22.03.2002. | 1545 | ഇല്ല | | | | | | 1545 | |
| 3 | 2001-02 | 29 | കെ. കെ. ശശിധരൻ സെക്രട്ടറി | എൽ.എഫ്. 22631/ സ്പെ.സെൽ/ എസ്.സി. 2/2001 തീയതി 22.03.2002. | 2472 | ഇല്ല | | | | | | 2472 | |
| 4 | 2001-02 | 3(4) എ | ശ്രീ. ബേബി തോമസ് | എൽ.എഫ്. 16706/ സ്പെ.സെൽ/ എസ്.സി. 2/2005 തീ.07.10.2006 | 16613 | ഇല്ല | | | | | | 16613 | |
| 5 | 2009-10 | 3-5 | ശ്രീ. പി. രാധാകൃഷ്ണൻ നായർ സെക്രട്ടറി | എൽ.എഫ്. 852/ സ്പെ.സെൽ/ സി.എസ്. സി. സി1./2014 തീ. 18.03.2016 | 73367 | ഇല്ല | | | | | | 73367 | |
| 6 | 1997-98 | 25,27, 28,29 | ശ്രീ. കെ. കെ. ശശിധരൻ സെക്രട്ടറി | എൽ.എഫ്. 22631/ സ്പെ.സെൽ/ സി.എസ്. സി. സി1/2001 തീ. 08.11.2002 | 4407 | ഇല്ല | | | | | | 4407 | |

ഈടാക്കാനവശേഷിക്കുന്ന തുകകൾ കൂടി ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 73481578.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 61225751.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 6000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 499100 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 6000/- | അബീഷ് ഐ, എച്ച്.സി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | |
|---|---|---|---|
| 1-12 | 499100 | 99100 | ശ്രീ. എം. വി. അജയകുമാർ, സെക്രട്ടറി |

| | | | |
|---|---|---|---|
| | | 400000 | ശ്രീ. അബീഷ് ഐ, എച്ച്.സി ഇൻ ചാർജ് |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| അബീഷ് ഐ, ഹെഡ് ക്ലർക്ക് | ഹെഡ് ക്ലർക്ക്,<br>ഇരട്ടയാർ ഗ്രാമപഞ്ചായത്ത് | താഴെകണ്ടത്തിൽ,<br>രാജകുമാരി പി.ഒ<br>രാജകുമാരി |

**<u>4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ</u>**

താഴെ കൊടുത്തിരിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാതെ അവശേഷിക്കുകയാണ്. തടസ്സങ്ങൾ പരിഹരിക്കുന്നതിന് സത്വരനടപടി സ്വീകരിക്കേണ്ടതാണ്.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1990-91 | എൽ.എഫ്.ഐ-6/199/1993<br>തീ.26.03.1993 | | |
| 1995-96 | എൽ.എഫ്.ഐ-6/174//1999<br>തീ.30.04.1999 | | |
| 1996-97 | എൽ.എഫ്.ഐ-6/3422017-18/1993<br>തീ.31.05.1999 | 31 | |
| 1997-98 | എൽ.എഫ്.ഐ-6/74/1998<br>തീ.20.08.2000 | 1-20ബി,<br>1-28,1-29 | |
| 2006-07 | എൽ.എഫ്.ഐ-6/987/2009<br>തീ12.01.2010 | 3-1എ,ബി,3-2,<br>4-3,4-5 | |
| 2007-08 | എൽ.എഫ്.ഐ-9/376/2013<br>തീ.25.05.2011 | 2-1എ,ബി,സി,3-2,<br>3-3,3-4,4-3,4-5 | |
| 2008-09 | എൽ.എഫ്.ഐ-9/527/2013<br>തീ.25.06.2013 | 2-1,2-2,2-3,2-4,<br>2-5,2-6,3-2,3-3,3-4,<br>3-5,3-6,3-8,4-3 | |
| 2009-10 | എൽ.എഫ്.ഐ-9/1237/2017<br>തീ.05.10.2017 | 2-1,3-1,3-2,3-3,3-4,<br>3-5,3-6,3-7,3-8,3-9,<br>3-10എ,ബി1,2,3-11,3-12 | |
| 2010-11 | എൽ.എഫ്.ഐ-9/1436/2013<br>തീ.07.01.2014 | 3-1,3-2,3-3എ,ബി,<br>3-4,3-5,3-63-7,<br>3-8,3-9,3-10 | |
| 2011-12 | എൽ.എഫ്.ഐ-9/1238/2015<br>തീ.11.12.2015 | 2-1,2-2,3-1,3-3,<br>3-43-5എ,3-6 | |
| 2012-13 | എൽ.എഫ്.ഐ-9/353/2015<br>തീ.10.06.2015 | 3-1,3-2,4-1 | |
| 2013-14 | എൽ.എഫ്.ഐ-9/1143/2015<br>തീ.18.02.2016 | 2-1,3-1,3-3 | |
| 2014-15 | എൽ.എഫ്.ഐ-9/674/2016<br>തീ.05.10.2016 | 2-2,3-1,3-2,<br>3-3,3-4 | |
| 2015-16 | നം.കെ.എസ്.എ-ഐ.ഡി.കെ-9/<br>323/2017തീയതി 05.04.2017 | 2-1,2-2,2-3,2-4,<br>2-5,3-2,3-3,<br>3-4,3-5,3-6.3-7 | |

| | | | |
|---|---|---|---|
| 2016-17 | നം.കെ.എസ്.എ-ഐ.ഡി.കെ-9/ 1315/2017തീയതി 03.10.2017 | 1-12,2-1,2-2, 3-1,3-23-4,3-5 | |
| 2017-18 | നം.കെ.എസ്.എ-ഐ.ഡി.കെ-9/ 1228/18, തീയതി 12.02.2019 | 6<br>1-12, 2-3,<br>3-1, 3-4, 3-5, 4-2 | |
| 2018-19 | നം.കെ.എസ്.എ-ഐ.ഡി.കെ-9/ 834/19, തീയതി 19.10.2019 | 1-9, 1-11, 1-13, 1-15 മുതൽ 1-20 വരെ , 4-11 | 10 |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**<u>അനുബന്ധം-1</u>**

**<u>ഓഡിറ്റ് സാക്ഷ്യപത്രം</u>**

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ഇടുക്കി ജില്ലയിലെ ഇരട്ടയാർ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**അനുബന്ധം-2**

**ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം**

ഇടുക്കി ജില്ലയിലെ ഇരട്ടയാർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്